# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.റ്റി.4526 26.06.2014 ൽ മറുപടിക്ക്

### വിവിധ ഏജൻസികൾ വഴിയുള്ള നെല്ല് സംഭരണം

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ ഏതെല്ലാം ഏജൻസികളാണ് നെല്ല് സംഭരിക്കുന്നത്; | (എ) | സംസ്ഥാന സർക്കാരിനു വേണ്ടി സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. |
| (ബി) | അവസാനമായി നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചത് എപ്പോഴാണ്; | (ബി) | അവസാനമായി 03.03.2014-ലെ ഗവൺമെന്റ് ഉത്തരവ് ജി.ഒ.(എം.എസ്) നം.09/2014/ ഭ.സി.സ.വ പ്രകാരം നെല്ലിന്റെ സംഭരണ വില കി.ഗ്രാമിന് 18/ രൂപയിൽ നിന്ന് ഒരു രൂപ വർദ്ധിപ്പിച്ച് 19 രൂപ ആക്കിയിട്ടുണ്ട്. |
| (സി) | ഇപ്പോൾ നെല്ലിന്റെ സംഭരണവില കിന്റലിന് എത്രയാണ്; | (സി) | 03.03.2014-ലെ ഉത്തരവ് പ്രകാരം ഇപ്പോൾ ഒരു ക്വിന്റൽ നെല്ലിന് 1900 രൂപയാണ് സംഭരണ വില. |
| (ഡി) | 2013-14-ലെ വിവിധ സീസണുകളിലായി എത്ര നെല്ല് സംഭരിക്കുകയുണ്ടായി; | (ഡി) | 2013-14 ഒന്നാം സീസണിൽ 135581.059 MT നെല്ലും രണ്ടാം സീസണിൽ ഇതുവരെ ( 19.06.2014) 399840.133 MT നെല്ലും സംഭരിച്ചിട്ടുണ്ട് |
| (ഇ) | ഓരോ ഏജൻസിയും എത്ര വീതം സംഭരിച്ചു; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആണ് മേൽപ്പറഞ്ഞ അളവിൽ നെല്ല് സംഭരിച്ചിട്ടുള്ളത് |

Beena

സെക്ഷൻ ഓഫീസർ